# കേരള സർവകലാശാല

നം.പി.ആർ.158/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പ്രവേശന പരീക്ഷ

കേരള സർവകലാശാലയിലെയും യൂണിവേഴ്സിറ്റി കോളേജിലെയും വിവിധ പഠന വകുപ്പുകളിലേക്കും കാര്യവട്ടം ലക്ഷ്മീ ബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള എംഫിൽ പ്രോഗ്രാമുകളിലേക്ക് അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷ ജൂലൈ 21 മുതൽ 24 വരെ നടക്കുന്നതാണ്. ടൈംടേബിളും ഹാൾടിക്കറ്റും വെബ്സൈറ്റിൽ.

### കളക്ഷൻ ക്യാമ്പ്

അവസാനവർഷ ബി.കോം പരീക്ഷ 2018 ന്റെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം പൂർത്തിയാക്കി തിരുവനന്തപുരം സർവകലാശാല കെട്ടിട സമുച്ചയത്തിലും കൊല്ലം എസ്.എൻ.വനിതാ കോളേജിലും ജൂലൈ 16 മുതൽ ജൂലൈ 18 വരെ പ്രവർത്തിക്കുന്ന കളക്ഷൻ ക്യാമ്പിൽ എത്തിക്കേണ്ടതാണ്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018
### ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനുള്ള അവസരം
### 16.07.2018 രാവിലെ 10 മണി വരെ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാനുള്ള സമയ പരിധി ജൂലൈ 16 രാവിലെ 10 മണിവരെയാണ്. സർവകലാശാലയിൽ തിരുത്തലിനായി അപേക്ഷ നൽകിയിരുന്ന വിദ്യാർത്ഥികളും സ്വമേധയാ തന്നെ അപേക്ഷയിൽ തിരുത്തൽ വരുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അലോട്ട്മെന്റിൽ നിന്നും പുറത്തായ വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോഗിച്ച് അവരെ വീണ്ടും പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

### സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലുള്ള എം.എഡ് ട്രെയിനിംഗ് കോളേജുകളിൽ 2018-19 അദ്ധ്യയന വർഷത്തെ എം.എഡ് കോഴ്സിലേയ്ക്ക് ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 18,19 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ നടത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്കു മുമ്പായി അതാതു കോളേജുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ടൈംടേബിള്‍

ജൂലൈ 31 ന് ആരംഭിക്കുന്ന പി.എച്ച്.ഡി കോഴ്സ് വര്‍ക്ക് പരീക്ഷ ടൈംടേബിള്‍ സര്‍വകലാശാല വെബ്സൈറ്റില്‍.

ഒന്നാം സെമസ്റ്റര്‍ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ മ്യൂസിക് മാര്‍ച്ച് 2018 കോംപ്ലിമെന്ററി – വീണ – പ്രാക്ടിക്കല്‍ പരീക്ഷ ജൂലൈ 20 മുതല്‍ 24 വരെ അതാതു കോളേജുകളില്‍ നടത്തുന്നതാണ്. വിശദവിവരങ്ങള്‍ വെബ്സൈറ്റില്‍.

## പരീക്ഷാഫലം

2018 മേയില്‍ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇന്‍ ഇംഗ്ലീഷ് ഫോര്‍ കമ്മ്യൂണിക്കേഷന്‍ (പി.ജി.ഡി.ഇ.സി) പരീക്ഷാഫലം ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസിലും വെബ്സൈറ്റിലും. 2018 മാര്‍ച്ചില്‍ നടത്തിയ നാലാം സെമസ്റ്റര്‍ എം.എഡ് (2016–2018,2015 സ്കീം) പരീക്ഷാഫലം വെബ്സൈറ്റില്‍

## പരീക്ഷ

ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റര്‍ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം, കരിയര്‍ റിലേറ്റഡ് സി.ബി.സി.എസ് ഡിഗ്രി പരീക്ഷകള്‍ക്ക് പിഴയില്ലാതെ ജൂലൈ 23 വരെയും 50 രൂപ പിഴയോടെ ജൂലൈ 25 വരെയും 125 രൂപ പിഴയോടെ ജൂലൈ 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങള്‍ വെബ്സൈറ്റില്‍.

## ഇന്റര്‍വ്യൂ

യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജില്‍ ഇന്‍ഫര്‍മേഷന്‍ ടെക്നോളജി, കമ്പ്യൂട്ടര്‍ സയന്‍സ് & എഞ്ചിനീയറിംഗ് വിഷയങ്ങളില്‍ അസിസ്റ്റന്റ് പ്രൊഫസര്‍ ഗസ്റ്റ് നിയമനത്തിന് 18.07.18 ബുധനാഴ്ച രാവിലെ 10 മണിക്ക് കോളേജില്‍ വച്ച് ഇന്റര്‍വ്യൂ നടത്തുന്നു. AICTE നിയമപ്രകാരം നിശ്ചിത യോഗ്യത നേടിയ താത്പര്യമുള്ള ഉദ്യോഗാര്‍ത്ഥികള്‍ ആയതിലേക്കായി തയ്യാറാക്കിയ അപേക്ഷയും ബന്ധപ്പെട്ട രേഖകള്‍ (സാക്ഷ്യപ്പെടുത്തിയ) സഹിതം കോളേജില്‍ ഹാജരാകേണ്ടതാണ്.

## ഓണ്‍ലൈന്‍ രജിസ്ട്രേഷന്‍ ആരംഭിച്ചു

രണ്ടാം സെമസ്റ്റര്‍ ബി.ടെക് 2008 സ്കീം (പാര്‍ട്ട്–ടൈം റീസ്ട്രക്ച്ചേര്‍ഡ്) സപ്ലിമെന്ററി പരീക്ഷയുടെ ഓണ്‍ലൈന്‍ രജിസ്ട്രേഷന്‍ ആരംഭിച്ചു. പിഴ കൂടാതെ ജൂലൈ 20 വരെയും 50 രൂപ പിഴയോടെ ജൂലൈ 23 വരെയും 125 രൂപ പിഴയോടെ ജൂലൈ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങള്‍ വെബ്സൈറ്റില്‍.

തിരുവനന്തപുരം.
13.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**